## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6376 — 31.10. 2011 - ൽ മറുപടിക്ക്

### ചലച്ചിത്ര വികസന കോർപ്പറേഷൻ നടപ്പാക്കുന്ന പുതിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. പാലോട് രവി<br>ശ്രീ. എം.പി. വിൻസെൻറ് | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(ബഹു: വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) ചലച്ചിത്ര വികസന കോർപ്പറേഷൻ സിനിമാ മേഖലകളുടെ വികസന ത്തിനായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ് തിരിക്കുന്നത്;<br><br>ബി) ഈ മേഖലയുടെ വികസനത്തിന് എന്തെല്ലാം പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. | എ) ബി) ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനും ആലോചിക്കുന്നുണ്ട്. സ്റ്റുഡിയോയുടെ ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾ മുതലെടുത്ത് നാനാവിധമായ സൗകര്യങ്ങൾ ഒരുക്കി അതിനെ ഒരു ഫിലിം& സിറ്റിയാക്കി മാറ്റാനാണ് ആലോചിക്കുന്നത്. ഫിലിം& ടിവി മേഖലയിൽ പ്രൊഫഷണൽ കോഴ്സുകൾ നടത്തുന്നതിന് ചിത്രാഞ്ജലി സ്കൂൾ ഫോർ ഫിലിം ടിവി എന്ന പേരിൽ ഒരു പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുന്ന കാര്യവും ആലോചിക്കുന്നുണ്ട് ചിത്രാഞ്ജലി സ്റ്റുഡിയോയിലെ നിലവിലുള്ള സാങ്കേതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആധുനികവത്ക്കരണത്തിനും വേണ്ടി ഡിജിറ്റൽ ഇന്റർമീഡിയറ്റ് വർക്ക് സ്റ്റേഷൻ ഉൾപ്പെടെയുള്ള ഡിജിറ്റൽ സിനിമാ യൂണിറ്റ് തുടങ്ങുന്നതിനും ഉദ്ദേശമുണ്ട്. തിരുവനന്തപുരം നഗരത്തിലെ വഴുതക്കാട് കലാഭവൻ തിയേറ്ററിൽ ഡിജിറ്റൽ/ഡി,ടി,എസ്. സംവിധാനം ഏർപ്പെടുത്തി ആധുനികവത്ക്കരിക്കാനുള്ള പദ്ധതികൾ ഉദ്ദേശിക്കുന്നുണ്ട്.<br>ആലപ്പുഴയിലെ കോർപ്പറേഷൻ സ്ഥലത്ത് തിയേറ്റർ സമുച്ചയം നിർമ്മിക്കാൻ പദ്ധതിയുണ്ട്.<br>ഒറ്റപ്പാലത്ത് ഫിലിം സിറ്റി നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്. ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഒറ്റ തിയേറ്റർ സമുച്ചയം മൂന്ന് തിയേറ്റർ സമുച്ചയമാക്കി മാറ്റി പരിഷ്കരിക്കാനും ആലോചിക്കുന്നുണ്ട്. |
| സി) പ്രസ്തുത പദ്ധതികൾ എന്നു മുതൽ പ്രാവർത്തികമാക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത് | സി) മേൽ പദ്ധതികൾ എന്നു പൂർത്തിയാക്കാനാകുമെന്ന് പറയത്തക്ക വിധത്തിലുള്ള രൂപരേഖ തയ്യാറായിട്ടില്ല. |

സെക്ഷൻ ഓഫീസർ